(സി) ഭരണാനുമതി നൽകിയപ്പോൾ ഓരോ പദ്ധതിയും എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിരുന്നത് ;

(ഡി) ഈ പദ്ധതികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയും ;

(ഇ) ഓരോ പദ്ധതികൾക്കും ഇതുവരെ എന്തു തുക ചെലവഴിച്ചിട്ടുണ്ട് ;

(എഫ്) ഈ പദ്ധതികൾ ഓരോന്നും കമ്മീഷൻ ചെയ്യുന്നതിന് ഉണ്ടായ കാലതാമസത്തിന്റെ കാരണങ്ങൾ എന്തെല്ലാമാണ് ;

(ജി) ഓരോ പദ്ധതികൾക്കും എന്തു തുകയ്ക്കാണ് ഭരണാനുമതി നൽകിയതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ആമ്പല്ലൂരിനും സമീപ വില്ലേജുകൾക്കുമായുള്ള ശുദ്ധജല വിതരണ പദ്ധതിക്ക് 5-10-1993 ലും തിരുമാറാടി, ഓണക്കൂർ രാമമംഗലം മേമുറി വില്ലേജുകൾക്കായുള്ള ശുദ്ധജലവിതരണ പദ്ധതിക്ക് 26-3-1996 ലും പിറവം ശുദ്ധജലവിതരണ പദ്ധതിക്ക് 16-3-1992 ലും ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പകർപ്പ് ഇതോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(സി) ആമ്പല്ലൂരും പിറവവും 1997 ലും തിരുമാറാടി 2001-ലുമാണ് പൂർത്തിയാക്കാൻ ഉദ്ദേശിച്ചിരുന്നത്.

(ഡി) ആമ്പല്ലൂർ 12/2000 ലും പിറവം 9/2000 ലും തിരുമാറാടി 12/2000 ലും പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഇ) ആമ്പല്ലൂർ പദ്ധതിക്ക് 436.31 ലക്ഷവും പിറവം പദ്ധതിക്ക് 629.32 ലക്ഷവും തിരുമാറാടി പദ്ധതിക്ക് 215.18 ലക്ഷവും രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

(എഫ്) ഓരോ പദ്ധതിയെ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു.*

(ജി) ആമ്പല്ലൂർ പദ്ധതിക്ക് 269 ലക്ഷം രൂപയ്ക്കും പിറവം പദ്ധതിക്ക് 497 ലക്ഷം രൂപയ്ക്കും തിരുമാറാടി പദ്ധതിയ്ക്ക് 785 ലക്ഷം രൂപയ്ക്കുമാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പദ്ധതികൾ

49 (199) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ഗവൺമെന്റ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പുതുതായി ഏതെല്ലാം പദ്ധതികളാണ് ഗവൺമെന്റ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് ;

(സി) പ്രസ്തുത ഓരോ പദ്ധതിയുടേയും ചെലവ് എന്തു തുക വരുമെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇത് സംബന്ധിച്ച് ഫണ്ടുകൾ ഏത് ഏജൻസികൾ മുഖേനയാണ് ലഭ്യമാക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

(ഇ) കാസർഗോഡ് ബാവിക്കര റെഗുലേറ്ററിന്റെ പണി എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിശദവിവരങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു.†

(ബി&സി) പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടേയും അവയുടെ ചെലവും ചുവടെ ചേർക്കുന്നു.

1. പൈവളികെയും പരിസരഗ്രാമങ്ങൾക്കും വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി (999.32 ലക്ഷം രൂപ)
2. ബാഡൂരും പരിസരഗ്രാമങ്ങൾക്കും വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി (508.95ലക്ഷം രൂപ)
3. എൻമകളെയും പരിസരഗ്രാമങ്ങൾക്കും വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി (916.31 ലക്ഷം രൂപ)
4. വൊർക്കാടിക്കും പരിസരഗ്രാമങ്ങൾക്കും വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി ഫേസ് .1 (327 ലക്ഷം രൂപ)
5. വൊർക്കാടിക്കും പരിസരഗ്രാമങ്ങൾക്കും വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി ഫേസ് .11 (361 ലക്ഷം രൂപ)
6. ഉപ്പളയും ഇല്ലിലംകോടും ഗ്രാമങ്ങൾക്ക് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി (510 ലക്ഷം രൂപ)
7. ബദിയടുക്കയും നീർച്ചാലും വില്ലേജുകൾക്കുള്ള ശുദ്ധജലവിതരണ പദ്ധതി (430 ലക്ഷം രൂപ)

(ഡി) മുകളിൽ പ്രസ്താവിച്ച ഒന്നും, രണ്ടും, മൂന്നും, പദ്ധതികൾ എൽ.ഐ.സി. ധനസഹായത്തോടും നാലും, അഞ്ചും, ആറും പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ ടെക്നോളജി മിഷൻ പദ്ധതി അനുസരിച്ചും ഏഴാമത്തെ പദ്ധതി ത്വരിത ഗ്രാമീണ പദ്ധതിയിൽ ഉൾപ്പെടുത്തിയുമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(ഇ) കാസർഗോഡ് ജില്ലയിലെ ബാവിക്കര (മൂളിയാർ പഞ്ചായത്ത്) എന്ന സ്ഥലത്ത് റഗുലേറ്റർ നിർമ്മിക്കുന്നതിലേക്കായി ഒരു പദ്ധതി ജലസേചന വകുപ്പിന്റെ പരിഗണനയിലാണ്. ഈ പദ്ധതി പ്രകാരം നദിയിൽ ഉപ്പുവെള്ളം കയറാതെ സ്ഥലവാസികൾക്ക് ജലസേചനത്തിന് മാത്രമല്ല കുടിവെള്ള ക്ഷാമത്തിനും ഒരു പരിധി വരെ പരിഹാരം ഉണ്ടാകുന്നതാണ്. ആയതിനാൽ

† അനുബന്ധം - VII

LIBRARY ARCHIVES Kerala Legislative Assembly

ഈ പണിക്ക് കേരള വാട്ടർ അതോറിറ്റിയുടെയും സാമ്പത്തിക ബാദ്ധ്യതയെപ്പറ്റി കണക്കിലെടുത്ത് ജലസേചനവകുപ്പിന്റെയും കേരള വാട്ടർ അതോറിറ്റിയുടെയും സംയുക്തമായുള്ള പദ്ധതിയായി ഏറ്റെടുത്ത് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. സാമ്പത്തിക പരിമിതികൾക്ക് വിധേയമായി കഴിയുന്നതും വേഗം ഈ പദ്ധതി പ്രാവർത്തികമാക്കുന്നതിലേക്ക് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

പാറളം ശുദ്ധജല വിതരണ പദ്ധതി

50 (200) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാറളം ശുദ്ധജലവിതരണ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പദ്ധതിക്കുള്ള ടാങ്ക് നിർമ്മാണവുമായി ബന്ധപ്പെട്ട ഏതെങ്കിലും കേസ് ഇപ്പോൾ ഹൈക്കോടതിയിൽ നിലവിലുണ്ടോ ;

(സി) എങ്കിൽ, കേസ് ഉണ്ടാകുന്നതിന് ഇടയാക്കിയ സാഹചര്യം വ്യക്തമാക്കാമോ ;

(ഡി) ഈ പദ്ധതിക്ക് ആവശ്യമായ പൈപ്പ് എത്ര മീറ്ററാണ് ; ഇതിൽ എത്ര പൈപ്പ് വിതരണം ചെയ്തിട്ടുണ്ട് ;

(ഇ) ആവശ്യമായ പൈപ്പ് ലഭ്യമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകാമോ ;

(എഫ്) പ്രസ്തുത പദ്ധതി എന്ന് പൂർത്തിയാകും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ടാങ്കിന്റെ പണി പൂർത്തിയായി. ട്രീറ്റ്മെന്റ് പ്ലാന്റിന്റെ വർക്ക് ഓർഡർ കൊടുത്തിട്ടുണ്ട്. ഡിസ്ട്രിബ്യൂഷൻ ലൈനിന്റെ ആദ്യത്തെ റിച്ച് ടെണ്ടർ ചെയ്തിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

(ഡി) വിശദവിവരങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു.*

(ഇ) പമ്പിംഗ് മെയിന് ആവശ്യമായ 9975 മീറ്റർ (ഇനംനമ്പർ 19) 250 എം.എം.സി.ഐ. ക്ലാസ്സ് 'എ' പൈപ്പുകളുടെ ബാക്കിയുള്ള 8475 മീറ്റർ പൈപ്പ് വാങ്ങാനുള്ള ടെണ്ടർ ലഭിച്ചിട്ടുണ്ട്. ടെണ്ടർ ഉറപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു. മറ്റ് പൈപ്പുകൾ വിതരണശൃംഖലയ്ക്ക് ആവശ്യമുള്ളവയാണ്. അവ പദ്ധതികളുടെ ട്രീറ്റ്മെന്റ് പ്ലാന്റ് ഉൾപ്പെടെയുള്ള മറ്റ് പണികൾ പുരോഗമിക്കുന്നതിന് അനുസൃതമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം- VII

20-6-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 49 (199) ദയവായി കാണുക

1. ആഢ്യനടുക്ക ചെറുകിട ശുദ്ധജലവിതരണ പദ്ധതി.
2. മഞ്ചേശ്വരം സെൻസസ് ടൗൺ "
3. രാവണീശ്വരം "
4. പെരുമ്പള്ളി "
5. ക്ലായിക്കോട് "
6. വെള്ളടുക്കം "
7. നെടുങ്കണ്ട "
8. കൊടിയമ്മ "
9. പാലായി നിലായി "
10. ആദൂർ പദ്ധതി മെച്ചപ്പെടുത്തൽ
11. ആരി പദ്ധതി മെച്ചപ്പെടുത്തൽ
12. മാലോത്ത് ബളൻ ഗ്രാമങ്ങൾക്ക് വേണ്ടിയുള്ള ശുദ്ധജലവിതരണപദ്ധതി
13. ഷിരിയ ചെറുകിട ശുദ്ധജലവിതരണ പദ്ധതി.
14. കെടുംപാടി " " "
15. ബക്രവയൽ " " "
16. ബാഡൂർ പറുവ് എസ്.റ്റി. കോളനി "
17. പൂക്കുളം എസ്.സി. കോളനി "

കൂടാതെ ശുദ്ധജലവിതരണം കുറവുള്ള ജില്ലയിലെ 58 വാർഡുകളിൽ കുടിവെള്ളം എത്തിക്കുന്നതിലേക്കായി 42.45 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കി വരുന്ന കേന്ദ്രസർക്കാരിന്റെ സെക്ടർ റിഫാംസ് പദ്ധതി പ്രകാരം സംസ്ഥാനത്തെ കാസർഗോഡ് ജില്ലയെ പൈലറ്റ് ഡിസ്ട്രിക്ടായി തിരഞ്ഞെടുത്തിട്ടുണ്ട്. ഈ പദ്ധതിക്ക് 4,000 ലക്ഷം രൂപ വരുന്ന തുകയ്ക്ക് അനുമതി ലഭിച്ചിട്ടുണ്ട്. ഇതനുസരിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ പദ്ധതി വിഹിതത്തിന്റെ 10 ശതമാനം ഗുണഭോക്താക്കൾ വഹിക്കേണ്ടതാകുന്നു. സെക്ടർ റിഫാംസ് പദ്ധതി കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കുന്നതിലേക്കായി ആദ്യ ഗഡുവായി 1122 ലക്ഷം രൂപ സംസ്ഥാന സർക്കാരിലേക്ക് അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly